റേഷൻകാർഡ് പുതുക്കൽ പ്രക്രിയ

187 (5272) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ലക്ഷം റേഷൻകാർഡുകളാണ് പുതുക്കേണ്ടത് ; റേഷൻകാർഡ് പുതുക്കൽ പ്രക്രിയ എന്നാണാരംഭിച്ചത് എന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നും പൂർത്തീകരണ പ്രക്രിയയുടെ കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര ശതമാനം കാർഡുകളുടെ പ്രക്രിയ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട് എന്നും ഇനിയും എത്ര സമയത്തിനകം ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ ;

(സി) റേഷൻകാർഡ് പുതുക്കൽ പ്രക്രിയ ആരംഭിച്ച നാൾമുതൽ പുതിയ റേഷൻകാർഡ് എടുക്കുന്നതിനോ, നിലവിലുള്ള റേഷൻകാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്തുന്നതിനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പാസ്പോർട്ട് എടുക്കുന്നതിനുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻകാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) അടിയന്തരമായി പുതുക്കിയ റേഷൻ കാർഡ് നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 83,16,746 റേഷൻ കാർഡുകളാണ് പുതുക്കേണ്ടത്. റേഷൻകാർഡ് പുതുക്കൽ പ്രക്രിയ 1-1-2015-ലാണ് ആരംഭിച്ചത്. 2015 സെപ്തംബർ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഡാറ്റാഎൻട്രിയുടെ ആരംഭത്തിൽ നേരിട്ട ചില കണക്കിവിറ്റി തടസ്സങ്ങൾ കാരണമാണ് കാലതാമസമുണ്ടായത്. എന്നാൽ ടി പ്രശ്നങ്ങളെല്ലാം പരിഹരിച്ച് റേഷൻകാർഡ് വിതരണം ഉടനെ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ മൊത്തം റേഷൻകാർഡുകളുടെയും പുതുക്കൽ പ്രക്രിയ ഒരുമിച്ചാണ് നടന്നുവരുന്നത്. അതിൽ ഡാറ്റാ എൻട്രി പൂർത്തിയായി ഡാറ്റാ വെരിഫിക്കേഷൻ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാക്കി മുൻഗണനാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തെ കണ്ടെത്തുന്ന മുറയ്ക്ക് റേഷൻകാർഡ് വിതരണം നടത്തുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം മരവിപ്പിച്ചിരിക്കുന്നതിനാലാണ് പുതിയ റേഷൻകാർഡ് എടുക്കാനോ, നിലവിലുള്ള റേഷൻകാർഡിൽ പുതുതായി ആളെ ഉൾപ്പെടുത്താനോ കഴിയാത്തത്. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ഡി) പാസ്പോർട്ട് എടുക്കുന്നതിന് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി റേഷൻകാർഡിൽ പേരുൾപ്പെടുത്തേണ്ടവർക്കായി താൽക്കാലിക റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. ഇതിന് 6 മാസക്കാലാവധിയാണുള്ളത്. ഈ കാലാവധിക്കു ശേഷം കാർഡ് പുതുക്കി വാങ്ങേണ്ടതാണ്.

(ഇ) നിലവിൽ റേഷൻകാർഡിന്റെ ഡാറ്റാ എൻട്രി പൂർത്തിയായി ഡാറ്റാ വെരിഫിക്കേഷൻ നടന്നുവരികയാണ്. ഇത് ഉടനെ പൂർത്തിയാക്കി മുൻഗണനാ വിഭാഗക്കാരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തി അതിൽനിന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തിയതിനുശേഷം റേഷൻകാർഡ് വിതരണം നടത്തുന്നതാണ്.

തിരുവനന്തപുരം, കണ്ണേറ്റുമുക്ക് ശ്രീമതി സരസ്വതി അമ്മയ്ക്ക് ബി.പി.എൽ. കാർഡ്

188 (5273) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, ജഗതി, കണ്ണേറ്റുമുക്ക്, തൈക്കാട് (പി.ഒ.) റ്റി.സി. നമ്പർ 16/1260(1) തിരുവോണം വീട്ടിൽ താമസിക്കുന്ന ശ്രീമതി സരസ്വതി അമ്മയ്ക്ക് എ.പി.എൽ.കാർഡാണ് നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാർദ്ധക്യസഹജമായ അസുഖങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന ശ്രീമതി സരസ്വതി അമ്മയുടെ ഉച്ചമായ വരുമാനം കണക്കിലെടുക്കാതെ ഇവർക്ക് നൽകിയത് എ.പി.എൽ. കാർഡാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;